# ബർത്ത്ഡേ ആഘോഷം ?

﴿ عيد مولد ﴾

[ مليالم – Malayalam – മലയാളം ]


സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

سيد سعفر صادق



islamhouse.com

1436 - 2014

بِسْمِ اللهِ الرَّحْمَـنِ الرَّحِيم

പരമ കാരുണികനും, കരുണാനിധിയുമായ
അല്ലാഹുവിന്റെ നാമത്തിൽ.

അല്ലാഹു മാനവർക്കായി തൃപ്തിപ്പെട്ട മതം ഇസ്‌ലാം മാത്രം. പ്രവാചകന്മാർ അഖിലവും പ്രബോധനം ചെയ്തതുമായ മതം.അന്ത്യ പ്രവാചകൻ മുഹമ്മദ്(ﷺ)യിലൂടെ പൂർത്തീകരിപ്പെട്ട മതം. മാനവർ മുഴുവനും ഐഹികവും പാരത്രികവുമായ ജീവിത വിജയത്തിനായി സ്വീകരിക്കേണ്ട മതം. അങ്ങിനെയുള്ള ഇസ്‌ലാമിന്റെ പ്രമാണങ്ങൾ വിശുദ്ധ ഖുർആനും, പ്രവാചക ചര്യയുമാണ്. ഈ പ്രമാണങ്ങൾ സമ്പൂർണമാണ്.അതിൽ വല്ലതും കൂട്ടിചേർക്കുവാനോ,അതിൽ നിന്ന് വല്ലതും വെട്ടി ചുരുക്കാനോ ആർക്കും അധികാരമില്ല. അല്ലാഹു പറയുന്നു:

(الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا) (المائدة:3)

‘ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.’(മാഇദ: 3)

ഇസ്‌ലാമിനെ മതമായും, അല്ലാഹുവിനെ ആരാധ്യനായും, മുഹമ്മദ് നബി(ﷺ)യെ പ്രവാചകനായും അംഗീകരിക്കുന്ന ഒരു മുസ്‌ലിം ഇസ്‌ലാമിക പ്രമാണങ്ങളിൽ തെളിവുള്ള സംഗതികൾ മാത്രമെ ചെയ്യാവൂ. ഒരു മുസ്‌ലിം എന്തെല്ലാം ചെയ്യണം, ചെയ്യാതിരിക്കണമെന്ന് കൃത്യമായി റസൂലുല്ലാഹ്(ﷺ) പഠിപ്പിച്ചിരിക്കുന്നു. ഒരു ഹദീസ് കാണുക:

قال النبي صلى الله عليه وسلم: " إنه ليس شيء يقربكم إلى الجنة إلا قد أمرتكم به و ليس شيء يقربكم إلى النار إلا قد نهيتكم عنه ... " .قال الألباني في " السلسلة الصحيحة " 6 / 865

നബി(ﷺ) പറഞ്ഞു: (നിങ്ങളെ സ്വർഗത്തിലേക്കടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങളോട് ഞാൻ കൽപിക്കാതിരിന്നിട്ടില്ല, നിങ്ങളെ നരകത്തിലേക്കടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങളോട് ഞാൻ വിരോധിക്കാതിരുന്നിട്ടില്ല..) (അൽബാനി(رحمه الله)യുടെ സിൽസിലത്തുസ്സ്വഹീഹ;)

മുസ്‌ലീംകളുടെ പ്രവർത്തനങ്ങളും,ആഘോഷങ്ങളും, ജീവിതവും, ഉറക്കവുമെല്ലാം പ്രവാചകൻ(ﷺ)യുടെ മാതൃകയനുസരിച്ചായിരിക്ക

ണം. മുസ്‌ലീംകൾക്ക് രണ്ട് ആഘോഷങ്ങൾ മാത്രമാണ് ഇസ്‌ലാമും, അല്ലാഹുവും, റസൂലും അനുവദിച്ചിട്ടുള്ളത്. ഹദീസ് കാണുക:

عن أنس قال: قدم رسول الله صلى الله عليه وسلم المدينة ولهم يومان يلعبون فيهما فقال ما هـذان اليومان قالوا: كنا نلعب فيهمـا في الجاهليـة فقـال رسـول الله صـلى الله عليـه وسـلم: إن الله قـد أبدلكم بهما خيرا منهما يوم الأضحى ويوم الفطر) ( سنن أبي داود )

അനസ്(ﷺ)വിൽ നിന്ന്,(നബി(ﷺ) മദീനയിൽ വന്നപ്പോൾ അവർ രണ്ട് ദിവസങ്ങളിൽ കളിക്കുന്നതായി കാണുകയുണ്ടായി, അപ്പോൾ ചോദിച്ചു: ഈ രണ്ട് ദിവസങ്ങൾ എന്താണ്? അവർ ഉത്തരം നൽകി: ജാഹിലിയ്യാ കാലത്ത് ഞങ്ങൾ കളിച്ചിരുന്ന ദിനങ്ങളാണിവ. അപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: തീർച്ചയായും അല്ലാഹു അവക്ക് പകരമായി അവയേക്കാൾ ഉത്തമമായതിനെ പകരമായി നൽകിയിരിക്കുന്നു. ബലി പെരുന്നാളും, ചെറിയ പെരുന്നാളുമാണത്) (അബൂദാവൂദ്)

നമ്മുടെ നാടുകളിൽ ഇസ്‌ലാമിന്റെ പേരിൽ ഒരുപാട് ആഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ട്, എന്നാൽ രണ്ട് പെരുന്നാൾ ആഘോഷങ്ങൾക്കൊഴിച്ച് മറ്റൊരു ആഘോഷത്തിനും ഇസ്‌ലാമിക പ്രമാണങ്ങളിൽ തെളിവുകളില്ല. പ്രവാചക ജന്മദിനാഘോഷം, നേർച്ചയുടെ പേരിൽ നടമാടുന്ന പൂരങ്ങൾ, ബർത്ത്ഡെ ആഘോഷം, വിവാഹ വാർഷികങ്ങൾ, മരണവുമായി ബന്ധപ്പെട്ട കണ്ണൂക്ക്, അടിയന്തരം, ആണ്ട് തുടങ്ങിയ ഒരുപാട് അനാചാരങ്ങൾ ഇന്ന് മുസ്‌ലിം സമൂഹത്തിൽ പടർന്ന് പന്തലിച്ചിട്ടുള്ള മാരകരോഗങ്ങളായ ബിദ്അത്തുകളാണ്. മുഴുവൻ മുസ്‌ലിംകളും ഈ അനാചാരങ്ങളിൽ നിന്ന് വിട്ട് നിൽക്കേണ്ടതുണ്ട്.

മുസ്‌ലിംകളുടെ ഇടയിലേക്ക് പാശ്ചാത്യരിൽ നിന്ന് കടന്ന് കൂടിയ മാരകമായ ഒരു വിപത്തും, ബിദ്അത്തുമാണ് കുട്ടികളുടെയും മറ്റും ബർത്ത്ഡേ കൊണ്ടാടുകയെന്നത്. ലോകത്തേക്ക് കടന്ന്വന്ന ഒരു ലക്ഷത്തിൽ പരം പ്രവാചകന്മാരിൽ ആരും തന്നെ മറ്റൊരാളുടെ ജന്മദിനം കൊണ്ടാടിയിട്ടില്ല. മുഹമ്മദ് നബി(ﷺ) ഇസ്‌ലാമിന്റെ മുഴുവൻ കാര്യങ്ങളും പഠിപ്പിക്കുകയും, ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്, എന്നാൽ ഒരു പ്രവാചകന്റെയും ജന്മദിനം അവിടുന്ന് കൊണ്ടാടിയിട്ടില്ല. സ്വഹാബികളോട് പ്രവാചകന്റെ ജന്മദിനം പോലും കൊണ്ടാടാൻ അവിടുന്ന് കൽപിച്ചിട്ടില്ല.തിരുനബി(ﷺ)ക്ക് അല്ലാഹു ഏ

ഴ് സന്താനങ്ങളെ നൽകിയിട്ടുണ്ട്, അതിൽ ഒരു കുട്ടിയുടെയും ജന്മദിനം മുത്ത് നബി(ﷺ) കൊണ്ടാടിയിട്ടില്ല. റസൂലുല്ലാഹ്(ﷺ) തന്നെ കരളിന്റെ കഷ്ണമെന്ന് വിശേഷിപ്പിച്ച ഫാത്തിമ(ﷺ)യുടെ ജന്മദിനം പോലും കൊണ്ടാടിയിട്ടില്ല.പിന്നെ നാം എങ്ങിനെയാണ് അല്ലാഹുവിൽ നിന്നും അനുഗ്രഹമായി ലഭിച്ച സന്താനങ്ങളുടെ ജന്മദിനം കൊണ്ടാടുക. ജന്മദിനത്തോടനുബന്ധിച്ച് മധുരപലഹാരങ്ങളുണ്ടാക്കുകയും, കേക്ക് മുറിക്കുകയും വിതരണം നടത്തുകയും ചെയ്യുക. ഈ കാര്യങ്ങളെല്ലാം തന്നെ അന്യ സമുദായത്തിൽ നിന്ന് കടമെടുത്തതാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരെങ്കിലും മറ്റൊരു സമുദായത്തിന്റെ വിശ്വാസ ആചാരങ്ങളിലോ, മത ആഘോഷങ്ങളിലോ പങ്കെടുക്കുകയോ, അതിന് സഹായിക്കുകയോ, സഹകരിക്കുകയോ ചെയ്താൽ അവൻ ആ സമുദയത്തിൽ പെട്ടവനായി തീരുന്നതാണെന്ന് റസൂലുല്ലാഹ്(ﷺ) പറയുന്നത് കാണുക.

( عَنِ ابْنِ عُمَرَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ ) (أبوداود)

ഇബ്നു ഉമർ(ﷺ)വിൽ നിന്ന് റസൂലുല്ലാഹ്(ﷺ)പറഞ്ഞു: (ആരെങ്കിലും ഒരു സമുദായത്തോട് യോജിച്ചാൽ അവൻ അവരിൽപെട്ടവനായി തീരുന്നതാണ്) (അബൂദാവൂദ്).

ആയതിനാൽ ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും കഴിവിന്റെ പരമാവധി ഇസ്ലാമിന്റെ നിയമങ്ങൾ അനുധാവനം ചെയ്യാൻ നാം പരിശ്രമിക്കുക. ഒരു പ്രവാചകനും സ്വന്തത്തിന്റെയോ,മറ്റു പ്രവാചകന്മാരുടെയോ, സ്വന്തം മക്കളുടെയോ,മറ്റുള്ളവരുടെയോ ബർത്ത്ഡേ കൊണ്ടാടിയിട്ടില്ല. അത്കൊണ്ട് ഈ കാര്യം നാം ഗൗരവത്തിലെടുക്കേണ്ടതുണ്ട്.പാശ്ചാത്യരുടെയും, ജൂത ക്രൈസ്തവരുടെയും ആചാരമാണ് ബർത്ത്ഡേ ആഘോഷിക്കുക എന്നത്. അത്കൊണ്ട് അല്ലാഹുവിനെ ഇഷ്ടപ്പെടുന്ന, പ്രവാചകനെ അനുസരിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്ന മുസ്ലിം ബർത്ത്ഡേ ആഘോഷിക്കുന്നതിൽ നിന്നും, അതിൽ പങ്കെടുക്കുന്നതിൽ നിന്നും വിട്ട് നിൽക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നത് കാണുക:

{قُلْ إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَحِيمٌ} (آل عمران:31)

'(നബിയേ,)പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹി

ക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ' (ആലു ഇംറാൻ:31).

പ്രവാചക ചര്യ അനുധാവനം ചെയ്യുന്നതിലൂടെ മാത്രമെ അല്ലാഹുവിന്റെ ഇഷ്ടം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. ഖുർആനും തിരുസുന്നത്തും ഒരു കാര്യം വ്യക്തമാക്കി കഴിഞ്ഞാൽ അതിൽ പിന്നെ തർക്കിക്കാനും, എതിരാവാനും ഒരു മുസ്‌ലിമിന് പാടില്ല.അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

(وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَنْ يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُبِينًا) (ألأحزاب:36)

(അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു.)

(وَمَنْ يُشَاقِقْ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا)

(തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യ വിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്നപക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചു വിടും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!) (നിസാഅ്:115)

(فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا) ( النساء: 65)

(ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരുവിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല.)

************